# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 395 28.05.2019-ൽ മറുപടിക്ക്

## മൂന്നാറിൽ പുരാവസ്തു വകുപ്പ് മൂസിയം

**ചോദ്യം**
ശ്രീ.എസ്.രാജേന്ദ്രൻ

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | വിനോദ സഞ്ചാര മേഖലയായ മൂന്നാറിൽ മ്യൂസിയം/പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | | മൂന്നാറിൽ പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട് മ്യൂസിയം പദ്ധതികൾ ഒന്നും തന്നെയില്ല .<br><br>ഇടുക്കി ജില്ലയിലെ ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാറിൽ മെഴുക് മ്യൂസിയവും സാംസ്കാരിക സെന്ററും ആരംഭിക്കുവാൻ നടപടികൾ 2012 ൽ മ്യൂസിയം വകുപ്പ് നടപടികൾ ആരംഭിച്ചിരുന്നു. 'ഇടുക്കി ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കു ന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡുമായി ആശയ വിനിമയം നടത്തുകയും തുടർന്ന് 25.02.2013 ൽ മൂന്നാറിലെ നിർദ്ദിഷ്ട സ്ഥലത്ത് പരിശോധന നടത്തുകയും തുടർന്ന് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ നിർമ്മാണം നടത്തി മ്യൂസിയവും, സാംസ്കാരിക സെന്ററും ആരംഭിക്കുന്നതിന് ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ